# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*440 — 21.07.2015 ൽ മറുപടിയ്ക്ക്

## നാളീകേര സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) കൃഷിഭവനുകൾ വഴി പച്ചത്തേങ്ങ സംഭരണത്തിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് 01.01.2013 മുതൽ കൃഷിഭവനുകൾ വഴി കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ; | (ബി) നാളീകേര വിലയിടിവിൽ നിന്നും കേരകർഷകരെ സംരക്ഷിക്കുകയും സംഭരണ പദ്ധതിയുടെ പ്രയോജനം നേരിട്ട് കർഷകർക്ക് എത്തിക്കുകയുമാണ് ഉദ്ദേശ്യലക്ഷ്യം. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) കൃഷി വകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചനാളികേരം സംഭരിച്ച് കേരഫെഡിന് കൈമാറുന്നു. കേരഫെഡ് ഈ നാളീകേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു. |
| (ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ? | (ഡി) സംസ്ഥാനത്തെ പത്തു ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെയാണ് പച്ച നാളീകേര സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കേരഫെഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ടി പദ്ധതിക്കായി 2012-13-ൽ കൃഷിവകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി പ്രകാരം 2100 ലക്ഷം രൂപ കേരഫെഡിന് നല്കിയിട്ടുണ്ട്. കൂടാതെ 2014-15 ൽ പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപയും പദ്ധതിക്കായി കേരഫെഡിന് നൽകിയിരുന്നു. ആഴ്ചയിൽ രണ്ട് ദിവസമാണ് കൃഷി |

ഭവനുകളിൽ സംഭരണം നടത്തുന്നത്. സംഭരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രസ്തുത കൃഷിഭവനുകളിൽ ഓരോ അക്കൗണ്ടന്റിനെയും രണ്ടു തൊഴിലാളികളെയും കേരഫെഡ് നിയമിച്ചിട്ടുണ്ട്. കൂടാതെ സംഭരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷിവകുപ്പിൽ നിന്നും ഉദ്യോഗസ്ഥരെ കേരഫെഡിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

Reena

**സെക്ഷൻ ഓഫീസർ**

SL